# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# നെന്മണിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ (പി 10)- 292/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 10/04/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെന്മണിക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ടി.എസ്.ആർ (പി 10)- 292/2023 തീയ്യതി: 10/04/2023

# തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-05-2022 മുതൽ 10-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 17-02-2023 | 25-02-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-02-2023 | 25-02-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഷോബി വി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി പ്രവിദ പി.എ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ കെ.സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സുനിത ആർ, സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി. എസ് ബൈജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| എം. വിജയലക്ഷ്മി | സെക്രട്ടറി | 01-04-2021 | 09-08-2021 |
| അജിത എം ആർ | സെക്രട്ടറി | 10-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രവീന്ദ്രൻ സി. എൻ | കൃഷി ഓഫീസർ | 01-04-2021 | 13-04-2021 |
| കവിത പി. ആർ | കൃഷി ഓഫീസർ | 13-04-2021 | 28-09-2021 |
| രേഷ്മ എം. സി | കൃഷി ഓഫീസർ | 29-09-2021 | 31-03-2022 |
| സിന്ധു. എം | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഷീല വാസു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| അജിത്ത് രാജ് ഇ. എം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ലെസ്ലി വില്ലി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. രഘു സി. ബി | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ജീനു ലാസർ വി. എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| അനൂപ് സോമൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ബിന്ദു കെ | വി.ഇ.ഒ,നെന്മണിക്കര സർക്കിൾ | 01-04-2021 | 01-10-2021 |
| ഷൈജ എം. വി | വി.ഇ.ഒ,നെന്മണിക്കര സർക്കിൾ | 02-10-2021 | 31-03-2022 |
| ബിന്ദു കെ. കെ | വി.ഇ.ഒ,തലോർ സർക്കിൾ | 01-04-2021 | 10-09-2021 |
| ഷൈജ എം. വി | വി.ഇ.ഒ,തലോർ സർക്കിൾ | 11-09-2021 | 27-12-2021 |
| സൗമ്യ ജോർജ്ജ്. കെ | വി.ഇ.ഒ,തലോർ സർക്കിൾ | 28-12-2021 | 19-02-2022 |
| ഷൈജ എം. വി | വി.ഇ.ഒ,തലോർ സർക്കിൾ | 20-02-2022 | 14-03-2022 |

| | | | |
|---|---|---|---|
| സൗമ്യ ജോർജ്ജ്. കെ | വി.ഇ.ഒ,തലോർ സർക്കിൾ | 15-03-2022 | 31-03-2022 |
| പി. ജെ ജലീൽ | അസി. സെക്രട്ടറി | 01-04-2021 | 17-07-2021 |
| അജിത എം ആർ | അസി. സെക്രട്ടറി | 18-07-2021 | 01-09-2021 |
| മാറ്റ്ലി എം. സി | അസി. സെക്രട്ടറി | 02-09-2021 | 12-09-2021 |
| അജിത എം ആർ | അസി. സെക്രട്ടറി | 13-09-2021 | 23-02-2022 |
| മാറ്റ്ലി എം. സി | അസി. സെക്രട്ടറി | 24-02-2022 | 31-03-2022 |

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 11 | വസ്തു നികുതി - ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 12 | വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-10-3 |
| 13 | വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല | 1-10-4 |
| 14 | ലൈബ്രറി സെസ്സ്-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 15 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-6 |
| 16 | വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല | 1-10-7 |
| 17 | തൊഴിൽ നികുതി(ട്രേഡ്സ്)-ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-10-8 |
| 18 | വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-10-9 |
| 19 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-10 |
| 20 | വാർഷികധനകാര്യ പത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-10 |
| 21 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-11 |
| 22 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-12 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-13 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-14 |
| 25 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-10-15 |
| 26 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി | 1-10-16 |
| 27 | തൊഴിലുറപ്പ് പദ്ധതി- വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-10-17 |
| 28 | അഡ്വാൻസ് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. | 1-10-18 |

| | | |
|---|---|---|
| 29 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 1-10-19 |
| 30 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-10-20 |
| 31 | പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല. | 1-10-21 |
| 32 | Capital Contribution തുക ചേർക്കുന്നില്ല | 1-10-22 |
| 33 | വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-10-23 |
| 34 | വായ്പ രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല. | 1-10-24 |
| 35 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം | 1-11 |
| 36 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 37 | ലൈസൻസ് - ചട്ടങ്ങൾ പാലിക്കേണ്ടതാണ്. | 1-13 |
| 38 | അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-14 |
| 39 | സാമൂഹ്യസുരക്ഷപെൻഷൻ | 1-15 |
| 40 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. | 1-16 |
| 41 | കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല. | 1-17 |
| 42 | ലൈഫ് ഭവനപദ്ധതി | 1-18 |
| 43 | കാൻ തൃശ്ശൂർ - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | 1-19 |
| 44 | പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല | 1-20 |
| 45 | ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-21 |
| 46 | സൂപ്പർ വിഷൻ ചാർജ് അധികം നൽകി | 1-22 |
| 47 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-23 |
| 48 | ജൽജീവൻ മിഷൻ പദ്ധതി-എസ്റ്റിമേറ്റ്,കരാർ ഇല്ല | 1-24 |
| 49 | സ്കൂൾ വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം- മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല | 1-25 |
| 50 | പ്രൊജ. നം. 137/22--പഞ്ചായത്ത് ഓഫീസ് നവീകരണം--അപാകതകൾ | 1-26 |
| 51 | കന്നുകുട്ടി പരിപാലന പദ്ധതി | 1-27 |
| 52 | പ്രൊജക്ട്.നം. 196/22 സെ.തെരെസിറ്റാസ് യു.പി സ്കൂളിന് ടോയ് ലറ്റ് ബ്ലോക്ക് നിർമാണം മാർക്കറ്റ് നിരക്കിൽ വാങ്ങിയ നാപ്കിൻ ഇൻസിനറേറ്ററിന് GST ഇനത്തിൽ ₹ 3480- അനുവദിച്ചു. | 1-28 |
| 53 | കാലിബാരലുകളുടെ വിലയിന്മേൽ GSTഈടാക്കിയത് GSTവകുപ്പിലേക്ക് അടവാക്കിയിട്ടില്ല. | 1-29 |
| 54 | റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു. | 1-30 |
| 55 | പ്രൊജക്ട് നമ്പർ 162/22 പുലക്കാട്ടുകര തലവണിക്കര റോഡ് റീടാറിങ്--ടെണ്ടർ കൂടാതെ ഏല്പിച്ച പ്രവൃത്തിക്ക് ടെണ്ടർ എക്സസ് നല്കി. | 1-31 |

**ഭാഗം 2**

--- No Records Found ---

| | | |
|---|---|---|
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 18.2.21, തീരുമാനം1( 1 ) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 164148751- | 157024148- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,കമ്മിറ്റി തീരുമാനം | 21.03.22 തീരുമാനം1 (2) | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 160982586- | 150183135- |

ബജറ്റ് അപാകതകൾ

ബജറ്റുമായി ബന്ധപ്പെട്ട് ഓഡിറ്റ് കാലയളവിലെ അപാകതകൾ താഴെ ചേർക്കുന്നു

(I)ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല

(Ii) സ.ഉ (ആർ.റ്റി) 3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

(Iii) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 15.6.22 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 20633312 |
| വരവ് | 70491837 |
| ആകെ | 91125149 |
| ചെലവ് | 67256348 |
| നീക്കിയിരിപ്പ് | 23868801 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 11852459 | 11852459 | 1209001 | 643458 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 4574666 | 4574666 | 4574666 | 0 |
| വികസന ഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 9400 | 9400 | 0 | 9400 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 9014000 | 9014000 | 8724374 | 289626 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 4853319 | 4853319 | 4619842 | 233477 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് | 0 | 5591882 | 5591882 | 3265375 | 2326507 |
| അൺ ടൈഡ് ഗ്രാന്റ് | 0 | 3115107 | 3115107 | 3057271 | 57836 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്കുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 191 | 62470639 | 170 | 47444074 | 75.95 | 89 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4179.9 | 255268 | 259447.9 | 259447 | 0.9 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7554360 | 7554360 | 7554360 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 2439299 | 2439299 | 2439299 | 0 |
| ആകെ | 4179.9 | 10248927 | 10253106.9 | 10253106 | 0.9 |

വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-10-17 ൽ ചേർത്തിട്ടുണ്ട്)

## 1-7 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4129200 | 246 |
| വിധവാ പെൻഷൻ | 16273400 | 1035 |
| വാർദ്ധക്യകാലപെൻഷൻ | 28115600 | 1875 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 4504300 | 294 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1522400 | 97 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.2.2023 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28291/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. റജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. ആസ്തി റജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട് കാണപ്പെട്ട മറ്റു പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10-1 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-10-2 വസ്തു നികുതി - ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

### 2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2350199 | 2336356 | 14869 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2350199 | 2336356 | 14869 | *0 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101- Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3394658 | 3253073 | 16508 | 130032 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3394658 | 3253073 | 16508 | *130032 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( 136536 /105X100)130034 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2.2കുടിശ്ശിക**

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 9739 | 9743 | 0 |
| | | | |

| | | | |
|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *4312 | 9743 | **0 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3595.+933=4528../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 555743 | 132500 | 424519 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 432469 | 132500 | 424527 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(135752+..318341= .454093/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(.445754./105X100)= 424527 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല .

## <u>1-10-3 വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു</u>

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 88535 | 314775 |
| | | | |

| | | | |
|---|---|---|---|
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 72034 | 125792 |

## 1-10-4 വസ്തുനികുതി-സമയബന്ധിതമായ ഡിമാന്റ് എൻട്രി ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ നെന്മണിക്കര ഗ്രാമപഞ്ചായത്തിൽ 134പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-5 ലൈബ്രറി സെസ്സ്-ഡിസിബി പത്രികയും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 28922 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 282661 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 317124 രൂപയാണ്.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)-582290രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 27728(582290/105X5 )ആണ്.എന്നാൽ ഈ ശീർഷകത്തിൽ 27739-രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-6 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ

എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 102103 | 31.3.22 | 42100167 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-7 വരവിനങ്ങളുടെ രജിസ്റ്റർ-മാസാന്ത്യ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-10-8 തൊഴിൽ നികുതി(ട്രേഡേഴ്സ്)-ഡിമാന്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

| തൊഴിൽ നികുതി (ട്രേഡേഴ്സ്) | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 911980 | 913230 | 0 |
| രജിസ്റ്റർ പ്രകാരം | 911980 | 911980 | 0 |

## 1-10-9 വരവിനങ്ങളുടെ മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്.എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്ര. നം. | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|
| 1 | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 198090 |
| 2 | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 315710 |
| 3 | 350410101-Advance Collection Of Revenues -Property Tax On Residential Building | 88535 |
| 4 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 72034 |

## 1-10-10 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 വാർഷികധനകാര്യ പത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.6/21.02.23)

## 1-10-11 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income-Other Income | (35364) |
| 280800201-Prior Period- Administrative Expenses | (654744) |
| 280800201-Prior Period Income-Recovery Of Unutilised Grants | (38100) |

## 1-10-12 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-14 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3235489 രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11826199രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-15 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditureപത്രിക പ്രകാരം 4918600 ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-10-16 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/2022 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Assets എന്ന ആസ്തികൾക്ക് 66500/-രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2022 ലെ Accumalated Depreciation 576430-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക തുടർ വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 1-10-17 തൊഴിലുറപ്പ് പദ്ധതി- വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(A)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 10248328 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം 10253106 രൂപയാണ്.

### 1-10-18 അഡ്വാൻസ് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ തുകകൾ നൽകിയതിന്റെയും തിരികെ ലഭിച്ചതിന്റെയും/അഡ്ജസ്റ്റ് ചെയ്തതിന്റെയും വിവരങ്ങളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10-19 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

ആയതിനാൽ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-7 ൽ ഉൾപ്പെട്ട ശീർഷകങ്ങളിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10-20 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതുമൂലം B-4 Grants And Contribution For Specific Purpose ശീർഷകത്തിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

## 1-10-21 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450410102 | State Bank Of India | 1563354 |

## 1-10-22 Capital Contribution തുക ചേർക്കുന്നില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-10-23 വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| ഇനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം (RP -7,) |
|---|---|---|
| 160100101- Development Fund General | 11209001 | 11155272 |
| 160100501- General Purpose Fund | 11810866 | 11788000 |

## 1-10-24 വായ്പ രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

വായ്പ രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല.

| | വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാന് ബാക്കിയുള്ള തുക |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 2273333 | 293333 | 1980000 |
| വാർഷികകണക്ക് പ്രകാരം | 3113328 | 1133328 | 1980000 |

## 1-11 ട്രേഡ്രേഴ്സ് ലിസ്റ്റ് അപൂർണ്ണം

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം ഏതൊരു വ്യാപാര സ്ഥാപനവും ആരംഭിക്കുന്നതിന് മുൻപ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഒരോ വർഷവും പുതുക്കേണ്ടതുമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 ൽ 551 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കെട്ടിടവിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 1749 കെട്ടിടങ്ങൾക്ക് വ്യാപാര ആവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുണ്ട്.
ട്രേഡ്രേഴ്സ് ലിസ്റ്റിൽ 527 സ്ഥാപനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

വാർഡ് തലത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് വാർഡ് തിരിച്ചുള്ള ട്രേഡ്രേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും ലൈസൻസ് ഉറപ്പാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം.23/25.2.23

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ്, ക്രമ നം.132 പ്രകാരം ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസ് എടുത്തതായി കണ്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ റേഷൻ കടകളും, കള്ളുഷാപ്പുകളും ക്ഷീര സഹകരണ സംഘങ്ങളും ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല ടി സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും നിയമപ്രകാരം നോട്ടീസ് നൽകി ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം മുതൽ റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുകയും കള്ളുഷാപ്പുകൾക്ക് തൊഴിൽ നികുതി ഈടാക്കി വരുന്നുണ്ടെന്നും ക്ഷീര സഹകരണ സംഘം ലൈസൻസ് എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം.11/ 22.2.23 മറുപടി നൽകിയിട്ടുണ്ട്.

## 1-13 ലൈസൻസ് - ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു. എന്നാൽ 2020-21 വർഷത്തെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയോ ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തുകയോ ആയതിന് അനുസൃതമായി ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. മിക്ക അപേക്ഷയിലും മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/ 22.2.23 ) 2022-23 വർഷം ലഭിക്കുന്ന അപേക്ഷകളിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിച്ച് കൃത്യമായി രേഖപ്പെ

ടുത്തലുകൾ വരുത്തുന്നതാണെന്ന് മറുപടിനൽകിയിട്ടുണ്ട്. ലൈസൻസ് മിനിമം 500രൂപ ആക്കി 28.1.22 ലെ സ്റ്റിയറിംഗ് കമ്മിറ്റിയിൽ തീരുമാനം എടുത്തിട്ടുള്ളതും പഞ്ചായത്ത് കമ്മിറ്റി സാധൂകരിച്ചിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-14 അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് A1 ഒക്യുപൻസിയിൽപ്പെട്ട നിർമ്മിത വിസ്തൃതി 300ച.മീറ്ററിൽ കൂടുതലും 1000 ച.മീറ്ററിൽ കുറവുള്ള എല്ലാ കെട്ടിടങ്ങൾക്കും National Building Code Of India, 2016 ലെ പാർട്ട് 4 ഫയർ അന്റ് സേഫ്റ്റിയിലേയും തുടർഭേദഗതികളിലേയും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ കെട്ടിടനിർമ്മാണത്തിൽ പാലിച്ചിട്ടുണ്ടെന്ന് പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്ട്/എഞ്ചിനീയറുടെ സാക്ഷ്യപത്രം Appendix L ൽ അപേക്ഷനിൽ നിന്നും സ്വയം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.പകർപ്പ് അടുത്തുള്ള ഫയർ സ്റ്റേഷനിൽ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ അഞ്ജു കൂട്ടാല എന്നിവരുടെ ഉടമസ്ഥതയിലുള്ള തൃക്കൂർ വില്ലേജ് സർവ്വേ നം 661/2 ൽ പുർത്തീകരിച്ച ഗ്രൂപ്പ് A1 ഗണത്തിൽപ്പെട്ട 423.53m2 കെട്ടിടത്തിന് അപേക്ഷകനും ലൈസൻസിയും ഒപ്പുവെച്ച സാക്ഷ്യപത്രം (Appendix L) ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/24.2.23 നുള്ള മറുപടിയിൽ രേഖകൾ വാങ്ങി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-15 സാമൂഹ്യസുരക്ഷപെൻഷൻ

സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കേരള സർക്കാർ നൽകുന്ന സാമൂഹ്യസുരക്ഷപെൻഷനുകളിലേക്ക് എന്റോൾമെന്റ് നടത്തുക, മരണം സംഭവിച്ചവരേയും അനർഹരേയും പട്ടികയിൽ നിന്നും ഒഴിവാക്കുക എന്നീ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്.

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ് വെയറിലും **2021-22** വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് |
|---|---|---|---|---|---|
| 1 | കുട്ടി | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 107950600679 | 28.4.21 | 5/21 To 8/21 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | ഗൌരിയമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 107710200803 | 5.1.22 | 2/22 To 11/22 |
| 3 | എൻ ശ്രീദേവി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 108420201024 | 22.12.21 | 1/22 To 11/22 |
| 4 | ബാലൻ.വി.കെ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 107670200704 | 1.11.21 | 12/21 To 1/22 |

മുകളിൽ പറഞ്ഞ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/23.2.23)മറുപടിയായി ക്രമ നം .1,2, സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൗണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവുകളും സർക്കുലറുകളും ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിരുന്നു (സ.ഉ (എം.എസ്) നം-97/2020 തീ.23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന). മേൽ ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

( ഓഡിറ്റ് എൻക്വയറി നം. 2 തിയ്യതി 20-2-23 )

കേരള ട്രഷറി കോഡ് ചട്ടം 92 എ I, Ii എന്നിവ പ്രകാരം പൊതു പണം കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി.ആർ 7 എ കാഷ്ബുക്കിൽ വരവു ചെലവു വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് കാലയളവിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് യഥോചിതം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

## 1-17 കമ്പ്യൂട്ടർ ലഭ്യമായിട്ടില്ല.

കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്കും സബ്സെന്ററുകളിലേയ്ക്കും കമ്പ്യൂട്ടർ ഫർണീച്ചർ, അടിസ്ഥാനസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ

പദ്ധതി നമ്പർ - 214/2022

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി എച്ച് സി

അടങ്കൽ -150000

ചെലവ് - 140168 (ബിൽ നം.95/25.3.2022,മെയിന്റനൻസ്ഗ്രാന്റ് റോഡിതരം)

മേൽ പദ്ധതിയിൽ 72046 രൂപയ്ക്ക് സിഡ്കോയിൽ നിന്ന് ഫർണീച്ചർ വാങ്ങിയിരുന്നു. 14800 രൂപയ്ക്ക് അലൂമിനിയം ഫാബ്രിക്കേഷൻ

വർക്കും പൂർത്തിയാക്കിയിട്ടുണ്ട്. 3300 രൂപയ്ക്ക് യു പി എസ് ഉം വാങ്ങിയിട്ടുണ്ട്.

എന്നാൽ ഒരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും മൾട്ടി പർപ്പസ് പ്രിന്ററും വാങ്ങുന്നതിനായി കെൽട്രോണിന് 50022 രൂപ കൈമാറിയിരുന്നു. (ബിൽ നം.95/25.3.2022,മെയിന്റനൻസ്ഗ്രാന്റ് റോഡിതരം) എന്നാൽ നാളിതുവരെയായി ഇവ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (3/21.2.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷമായി കെൽട്രോണിൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമല്ലാത്തതിനാൽ വർക്ക് ഓർഡർ സൈറ്റ് മുഖേന നല്കാനായിട്ടില്ല. 50022 രൂപ റീഫണ്ട് ചെയ്ത് തരുന്നതിനുള്ള നടപടിസ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരികരിക്കേണ്ടതാണ്.

## 1-18 ലൈഫ് ഭവനപദ്ധതി

വിഇഒ നിർവ്വഹണ ഉദ്യോഗസ്ഥയായ ലൈഫ് ഭവന പദ്ധതിയിൽ (പദ്ധതി നം. 24/2022) ഗുണഭോക്താവായ ശ്രീമതി തങ്കമണി, കാഞ്ഞിരത്തിങ്കൽ എന്ന ഗുണഭോക്താവ് ഭവന നിർമ്മാണത്തിന് സന്നദ്ധമായി രേഖകൾ ഹാജരാക്കിയ മുറയ്ക്ക് 21.2.2021 ൽ കരാർ വെയ്ക്കുകയും 27.12.2021 ന് 40000 രൂപ അനുവദിക്കുകയും ചെയ്തു. പഴയ വീട് പൊളിച്ച് ഫൗണ്ടേഷൻ കെട്ടുകയും ചെയ്തു. ഈ അവസരത്തിൽ ഭൂമിയോട് ചേർന്നുള്ള വഴി സംബന്ധിച്ച് തർക്കം ഉണ്ടെന്ന് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം നിർത്തിവെയ്ക്കാൻ പഞ്ചായത്ത് അറിയിക്കുകയുണ്ടായി. എന്നാൽ ഈ കാര്യത്തിൽ പുരോഗതികളൊന്നും ഉണ്ടായില്ല. ഇത് സംബന്ധിച്ച് VEO/NMK/06/2022 തിയ്യതി 29-7-2022. കത്ത് പ്രകാരം വി ഇ ഒ പഞ്ചായത്തിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/24.2.2023) മറുപടിലഭ്യമാക്കിയിട്ടില്ല. സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കാൻ തൃശ്ശൂർ - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി എച്ച് സി

പ്രോജക്ട് നം - 44/2022

ബിൽ നം - 69/19.01.2022 തുക 50000

2021-22സാമ്പത്തിക വർഷത്തിൽ കാൻ തൃശ്ശൂർ എന്ന പദ്ധതി നടത്തിപ്പിനായി ജില്ലാ പഞ്ചായത്തിന് 50000രൂപ തുക കൈമാറിയിരിക്കുന്നത്. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി – 4/22.2.23)

## 1-20 പത്ര പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല

പ്രോജക്ട് നം., പേര് -15/22, പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ

നിർവഹണോദ്യോഗസ്ഥൻ – സെക്രട്ടറി
ഫണ്ട് –വികസനഫണ്ട്, ജനറൽ

മേല്പറഞ്ഞ പ്രോജക്ടിൽ മാതൃഭൂമി പത്രത്തിൽ പരസ്യം നൽകിയതിൽ പരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ. 04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ. 10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ:

| ക്രമ | വൗച്ചർ നം., തീയതി | നൽകിയ തുക, (ജി.എസ്.ടി ഒഴികെ) | ലഭിക്കേണ്ട ഡിസ്കൗണ്ട് |
|---|---|---|---|

| നം | തുക | | 15% |
|---|---|---|---|
| 1 | 22100586/27.07.2021 -26282/- | 3159+4212=7371 | 1106 |
| 2 | 22101172/31.12.2021 -34673/- | 3334.5 X 3=10003.5 | 1500 |
| | | ആകെ | 2606/- |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചു കിട്ടാത്തതിൽ മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.5/21.02.2023) മറുപടിയായി ആയതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്നറിയിച്ചു. ഡിസ്കൗണ്ട് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-21 ഐ.കെ.എം വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്ട് നം., പേര് -26/22, ഐ കെ എം വിഹിതം നൽകൽ

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ചെലവ്–56560/-രൂപ (വൗച്ചർ നം.22100564/02.06.2021-വികസനഫണ്ട്, ജനറൽ)

30000/-രൂപ (വൗച്ചർ നം.22101259/22.02.2022-വികസനഫണ്ട്, ജനറൽ)

ആകെ-86560/-

മേല്പറഞ്ഞതുപ്രകാരം ഐ.കെ.എം-ന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 07/21.02.2023) മറുപടിയായി ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-22 സൂപ്പർ വിഷൻ ചാർജ് അധികം നൽകി

സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ. തി. 22.09.2015 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക് എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ധനകാര്യവകുപ്പിന്റെ (Industries & Public Works-B) 01.03.2019-ലെ സർക്കുലർ നം.18/2019/ഫിൻ ഖണ്ഡിക 6 പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ഇത്തരം ആവശ്യങ്ങൾക്ക് പരിഗണിക്കേണ്ടത്. ഇപ്രകാരമല്ലാതെ ജി.എസ്.ടി കൂടി ഉൾപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് സൂപ്പർ വിഷൻ ചാർജ് നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | ചെലവു തുക, വൗച്ചർ നം., തിയതി | നൽകിയ തുക(ശ്രീ.ഗോപിനാഥൻ.യു ആർ) | നൽകാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | 131/22 മടവാക്കര അറയ്ക്കപ്പാടം ലിഫ്റ്റ് ഇറിഗേഷൻ മോട്ടോർ ഷെഡിന് ഇലക്ട്രിഫിക്കേഷൻ | 181945/ 22100919/03.02.2022 (തനത് ഫണ്ട്) | 7117 | 6355 (158862.6x4%) | 762 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | 133/22 സുഭിക്ഷ കാന്റീൻ ഇലക്ട്രിഫിക്കേഷൻ | 90865/- 22100675/17.11.2021 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 3833 | 3423 (85578x4%) | 410 |

ആകെ അധികം-1172/- രൂപ
മേല്പറഞ്ഞതുപ്രകാരം സൂപ്പർ വിഷൻ ചാർജ് അധികം നൽകിയത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 08/21.02.2023) മറുപടിയായി ആയത് തിരികം ഈടാക്കുന്നതാണെന്നറിയിച്ചു. അധിക തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-23 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം /പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പദ്ധതി നം./പേര് | വൗച്ചർ നം.,തിയതി | തുക | ഫണ്ട് | റിമാർക്സ് |
|---|---|---|---|---|
| 177/22, തണൽ കോംപ്ളക്സിലെ കിണറിൽ മോട്ടോർ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിയ്ക്കൽ | 22101120/8.3.22-7210 | 7210/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | ഭൂജലവകുപ്പിന് നൽകിയത് |
| 174/22 അംഗൻവാടികളിൽ കുഴൽകിണർ നിർമ്മിയ്ക്കലും മോട്ടോർ സ്ഥാപിയ്ക്കലും | 22101121/8.3.22-14420/- 22101122/28.3.22-102790/- | 117210/-/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് | ഭൂജലവകുപ്പിന് നൽകിയത് |
| വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ, 33/22 | 22100957/17.2.22-411485(Cfc) (113534/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി) 22101263/26.2.22-39194/-(Dev Fund,Gen) 22101060/17.3.22-88515/-(Cfc) | 539194/- | ധനകാര്യകമ്മീഷൻ ഗ്രാന്റ് -500000/- വികസനഫണ്ട്, ജനറൽ-39194/- | കെ എസ് ഇ ബി യ്ക്ക് നൽകിയത് |

| | | | | |
|---|---|---|---|---|
| ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 32/22 | 22100538/24.11.2021-6216/- 22100760/15.12.2021-16039/- 22100883/19.01.2022-70285/- (30480/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി) 22100958/16.02.2022-11979/- 22101064/24.03.2022-9440/- 22101056/21.03.2022-6719/- | 120678/- | തനത് ഫണ്ട് | കെ എസ് ഇ ബി യ്ക്ക് നൽകിയത് |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 09/22.02.2023) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചു. മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## <u>1-24 ജൽജീവൻ മിഷൻ പദ്ധതി-എസ്റ്റിമേറ്റ്,കരാർ ഇല്ല</u>

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ആകെ എസ്റ്റിമേറ്റിന്റെ 15% ആണ് പഞ്ചായത്ത് വിഹിതമായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിക്കേണ്ടത്. 2021-22 ൽ സെക്രട്ടറിയുടെ 50/22 നമ്പർ പ്രൊജക്ട് പ്രകാരം 1,00,000/- രൂപ (വൗച്ചർ നം. 22101260 തി. 22.2.22 -വികസനഫണ്ട് ജനറൽ) പ്രസ്തുത പ്രൊജക്ടിനായി നൽകിയിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമല്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 08/10//2021 തിയതിയിലെ 5(1) നമ്പർ തീരുമാനപ്രകാരം ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമാകാൻ തീരുമാനമെടുത്തിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 21.10.2021 തിയതിയിലെ കത്ത് പ്രകാരം ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തും വാട്ടർ അതോറിറ്റിയും ഇംപ്ളിമെന്റേഷൻ സപ്പോർട്ട് ഏജൻസിയും ത്രികക്ഷി കരാറിൽ ഏർപ്പെടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കരാറിലേർപ്പെട്ടതിന്റെ വിവരങ്ങൾ ഫയലിലില്ല. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ളകണക്ഷനുകൾ ആവശ്യമുള്ള ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം കണക്കാക്കി ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/22.02.2023) മറുപടിയായി കരാർ ഒപ്പിട്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടില്ല എന്നറിയിച്ചു. കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതുവരെ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## <u>1-25 സ്കൂൾ വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം- മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സ്കൂൾ വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം (പ്രൊജക്ട് നം.104/22) എന്ന പ്രൊജക്ടിനായി വികസനഫണ്ട് ജനറൽ-3,50,000/- രൂപ, തനതുഫണ്ട് 71,118/- രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ താമസക്കാരായ 7നും 14 നും ഇടയിൽ പ്രായമുള്ള ഫുട്ബോൾ കളിയിൽ തല്പരരായ കുട്ടികളിൽ നിന്നും പ്രാഥമിക സെലക്ഷൻ നടത്തി 30 കുട്ടികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുവാൻ ഉദ്ദേശിച്ചുള്ള പ്രൊജക്ടിൽ പരിശീലകർക്ക് വേതനം നൽകൽ, പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പോഷകാഹാരം, പരിശീലക സാമഗ്രികൾ വാങ്ങൽ എന്നിങ്ങനെയാണ് ചെലവ്

ചെയ്തിട്ടുള്ളത്. പ്രൊജക്ടിന്റെ മോണിറ്ററിംഗ് നടത്തേണ്ടത് സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, വിദ്യാഭ്യാസം, സംസ്കാരം, കലാകായികയുവജനക്ഷേമം എന്നീ വർക്കിംഗ് ഗ്രൂപ്പുകളാണ്. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/24.02.2023) നൽകിയ മറുപടിയിൽ മോണിറ്ററിംഗ് സ്റ്റാന്റിംഗ് കമ്മിറ്റികൾ മുഖേന നടത്തി വരുന്നുണ്ടെന്നറിയിച്ചു. ഇപ്രകാരമുള്ള പ്രൊജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പുവരുത്തുന്നതിനുള്ള കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തുവാൻ ശ്രദ്ധിയേക്കണ്ടതാണ്.

**1-26 പ്രൊജ. നം. 137/22--പഞ്ചായത്ത് ഓഫീസ് നവീകരണം--അപാകതകൾ**

പഞ്ചായത്ത് ഓഫീസ് നവീകരണത്തിനായി ആകെ ചെലവു ചെയ്ത തുകയുടെ വിശദവിവരം താഴെ ചേർക്കുന്നതു പ്രകാരമാണ്.

| പ്രൊജക്റ്റ് നമ്പർ | ചെലവ് |
|---|---|
| എസ്.274/21 | 3,00,000 (തനത് ഫണ്ട്) |
| എസ്.137/22 | 4,00,000 (കേന്ദ്രാവിഷ്കൃതം )<br>7,74,462 (തനത് ഫണ്ട്) |
| ആകെ | 14,74,462- |

സാങ്കേതികാനുമതി -ഇല്ല

കരാർ നം.( 1 )- നമ്പർ ഇല്ല. തി. 12-2-21 ( ഇൻവോയ്സ് നം.ബി 6757/19 തി. 11-2-21 )

കരാർ നം.( 2 )- നംപർ ഇല്ല. തി. 22-9-21 ( ഇൻവോയ്സ് നം.ബി 6757/19 തി. 20-9-21 )

കരാറുകാരൻ ആർട്ട്കോ ലിമിറ്റഡ് നമ്പർ. 4429

2020-21

വൗ.നം. 22001273 തി.30-3-21 ₹ 3,00,000-

2021-22

വൗ.നം. 22100930 തി.15-2-22, ₹ 8,321-

വൗ.നം. 22100931 തി.15-2-22, ₹ 8,321-

വൗ.നം. 22100929 തി.15-2-22, ₹ 5,60,320-

വൗ.നം. CO 220079890൦തി.2-2-22, ₹ 4,00,000-

വൗ.നം. 22101125 തി.31-3-22, ₹ 4,202-

വൗ.നം. 22101126 തി. 31-3-22, ₹4,202-

വൗ.നം. 22101124 തി. 31-3-22, ₹1,89,096-

അളവുപുസ്തകം -ഇല്ല

( ഓഡിറ്റ് എൻക്വയറി നം.14തി. 23-02-23 )

ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1(3) തിയ്യതി.3-2-21 പ്രകാരം അസി.എഞ്ചിനീയർ/അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവരുടെ ശുപാർശയിൽ ആർട്ട്കോവിന് തുക നല്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. പഞ്ചായത്ത് ഓഫീസ് നവീകരണവുമായി ബന്ധപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) അംഗീകൃത ഏജൻസികളുടെയും അക്രെഡിറ്റേഷൻ ഏജൻസികളുടെയും സേവനം പ്രയോജനപ്പെടുത്താനുള്ള തദ്ദേശ സ്വയംഭരണവകുപ്പിന്റെ 30-03-2013 ലെ സ.ഉ(എം.എസ്) നമ്പർ.133/13 ഉത്തരവു പ്രകാരം അക്രെഡിറ്റഡ് ഏജൻസികൾക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രവൃത്തികൾ ഏൽപ്പിച്ചുനൽകാവുന്നതാണ്.

എ) ചെലവുകുറഞ്ഞ സാങ്കേതിക വിദ്യ(Low Cost Technology) ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ, PWD നിരക്കുകൾ അധികരിക്കാതെ.

ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥ-സ്ഥാപന വൈദഗ്ധ്യം ഉപയോഗിച്ച് ചെയ്യാൻ കഴിയാത്ത പ്രവർത്തനങ്ങൾ.

സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 2 പ്രകാരം ചെലവുകുറഞ്ഞ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള പ്രവൃത്തികൾ മാത്രമാണ് ആർട്ടിസൻസ് ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് നേരിട്ട് നിർവഹിക്കാവുന്നത്. മറ്റുള്ള മരാമത്തു പ്രവൃത്തികൾ കരാറുകാരെക്കൊണ്ട് നടത്തി മേൽനോട്ടം വഹിക്കുന്ന 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം വഴിയാണ് നടത്തേണ്ടത്.

സ.ഉ. (അ) 311/2014ധന. തീ. 30-07-14 നിർദ്ദേശം അനക്സർ II (1) , സ.ഉ. (അ) 67/2021ധന. തീ. 28-04-21 നിർദ്ദേശം 5 എന്നിവ പ്രകാരം മേല്കാര്യങ്ങൾ ആവർത്തിച്ചിട്ടുള്ളതാണ്.

2. സ.ഉ.(സാധാ) നം.2092/2018 ത.സ്വ.ഭ.വ. തി. 1-8-2018, സ.ഉ.(അ) 77/19 ധന.വ. തി. 4-17-19 എന്നിവ പ്രകാരം ആർട്ട്കോ'വിന്റെ തനതു ഉൽപ്പന്നങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിന് അനുമതി നൽകിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഇന്റീരിയർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ARTCO-യെ നോഡൽ ഏജൻസിയായി അംഗീകരിച്ചുമാണ് ഉത്തരവായിട്ടുള്ളത്. ULCCS പോലെ സ്വന്തമായി ഉപകരണങ്ങളും/ജോലിക്കാരും ഉള്ളവർക്കാണ് പ്രവൃത്തികൾ നേരിട്ട് നടത്തുന്നതിന് അനുമതിയുള്ളത്. മറ്റുള്ള സ്ഥാപനങ്ങൾ സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 2 പ്രകാരം മരാമത്തു പ്രവൃത്തികൾ കരാറുകാരെക്കൊണ്ട് നടത്തി മേൽനോട്ടം വഹിക്കുന്ന 'പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി' സമ്പ്രദായം വഴിയാണ് നടത്തേണ്ടത്.

3. സ.ഉ. (അ) 311/2014ധന. തീ. 30-07-14 നിർദ്ദേശം അനക്സർ II (3), സ.ഉ. (അ) 67/2021ധന. തീ. 28-04-21 നിർദ്ദേശം 6 എന്നിവ പ്രകാരംസ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 3 പ്രകാരം മത്സരാധിഷ്ഠിത ടെണ്ടർ മുഖേന വിവിധ അക്രെഡിറ്റഡ് ഏജൻസികളുടെ സാങ്കേതിക മികവ്, സെന്റേജ് ചാർജ്ജ് എന്നി കാര്യങ്ങൾ മുൻനിർത്തിയാണ് പ്രവൃത്തി ഏൽപ്പിച്ചു നൽകേണ്ടത്. ഇതിനു വിരുദ്ധമായി ടെണ്ടർ നടപടികളൊന്നുമില്ലാതെയാണ് ക്രിമിറ്റോറിയം പണി ഇപ്പോൾ COSTFORD നെ ഏൽപ്പിച്ചിട്ടുള്ളത്.

4 . ജി.ഒ(എം.എസ്)നമ്പർ 4/2018 ത.സ്വ.ഭ.വ 01-01- 2018 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാപനത്തിൽ ഇല്ലെങ്കിൽ മാത്രമേ പഞ്ചായത്ത് സെക്രട്ടറി മരാമത്ത് പണികളുടെ നിർവഹണം ഏറ്റെടുക്കേണ്ടതായുള്ളു. എന്നാൽ ഈ വ്യവസ്ഥക്ക് വിരുദ്ധമായയാണ് പദ്ധതി നിർവഹണം സെക്രട്ടറി ഏറ്റെടുത്തിരിക്കുന്നത്.

5. മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖയായ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.സ.ഉ. (അ) 408/2007ധന. തീ. 07-09-07 നിർദ്ദേശം IV , സ.ഉ. (അ) 67/2021ധന. തീ.28-04-21 നിർദ്ദേശം 8 (2), എന്നിവ പ്രകാരംസ.ഉ. (അ) 133/2007 ധന. തീ. 18-05-07 നിർദ്ദേശം 3 സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 3 സി പ്രകാരം ചെലവുകുറഞ്ഞ സാങ്കേതികവിദ്യയല്ലാത്ത സംഗതിയിൽ PRICE സോഫ്റ്റ്‌വെയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 7, സ.ഉ.(പി) 118/18ധന. തി.3-8-18 വ്യവസ്ഥ 10 സ.ഉ. (അ) 67/2021ധന. തീ. 28-04-21 നിർദ്ദേശം 8 (2),സ.ഉ.(അ) 77/19 ധന.വ. തി. 4-17-19 നിർദ്ദേശം 7 എന്നിവ പ്രകാരംഎന്നിവ പ്രകാരം 'TS Shall Be Issued By The Client Dept. Having Engineering Section........ എന്നുത്തരവായിട്ടുള്ളതുമാണ്. മേൽക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല.

6. സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 3 സി പ്രകാരം ഗ്രാമപഞ്ചായത്ത് എഞ്ചിനിയർ ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കണം.സ.ഉ.(പി) 311/14 ധന. തി.30-7-14 അനക്സർ IIവ്യവസ്ഥ 7, സ.ഉ.(പി) 118/18ധന. തി.3-8-18 വ്യവസ്ഥ 10 എന്നിവ പ്രകാരം 'TS Shall Be Issued By The Client Dept. Having Engineering Section........ എന്നുത്തരവായിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുകയോ ഉണ്ടായിട്ടില്ല.

7.സ.ഉ.(എം.എസ്) 133/13 ത. സ്വ.ഭ.വ തി.30-3-13 വ്യവസ്ഥ 7 പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ അക്രഡിറ്റഡ് ഏജൻസിയുമായി കരാറിലേർപ്പെടണം. എന്നാൽ 'ആർട്ട്കോ'യുമായി നിലവിൽ മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട് നിശ്ചിത മാതൃകയിലുള്ള കരാറിലേർപ്പെട്ടിട്ടില്ല. സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളാണ് ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാറിൽ ഉൾപ്പെട്ടു കാണുന്നത്. ഇപ്പോൾ ഏർപ്പെട്ടിട്ടുള്ള കരാർ എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ലായെന്നും നിർവഹണോദ്യോഗസ്ഥൻ ഒപ്പിട്ടിട്ടില്ലായെന്നും കണ്ടു.

8. സ.ഉ. (അ) 95/2017 ധന. തീ. 25-07-17 നിർദ്ദേശം 12 സ.ഉ. (അ) 133/2007 ധന. തീ. 18-05-07 നിർദ്ദേശം 8 എന്നിവ പ്രകാരം അക്രഡിറ്റഡ് ഏജൻസിയുടെയും തദ്ദേശ സ്വയം ഭരണ വകുപ്പിലെയും എഞ്ചിനീയർമാർ ചേർന്ന് പ്രവൃത്തിയുടെ ചെക്ക്മെഷർമെന്റ് നടത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്ന പേരിൽ ചെലവു തുക രേഖപ്പെടുത്താതെ ചില

അളവുകൾ എടുത്തിട്ടുണ്ടെങ്കിലും ആയത് സാങ്കേതികാനുമതി ലഭിച്ച ഏത് എസ്റ്റിമേറ്റ് പ്രകാരമാണെന്ന് വ്യക്തമല്ല. സ.ഉ.(എം.എസ്) 133/07ത. സ്വ.ഭ.വ തി.18-05-07 നിർദേശം 2 പ്രകാരം ത.സ്വ.ഭ. എഞ്ചിനിയർ സൂപ്പർവിഷൻ നടത്തി അളവുകൾ രേഖപ്പെടുത്തേണ്ടതാണ്. കേരള പബ്ലിക് വർക്ക്സ് അക്കൗണ്ട് കോഡ് 10.2.9 മുതൽ 10.2.15 ഉൾപ്പടെയുള്ള ഖണ്ഡികകൾ പ്രകാരം മരാമത്തു പണികളുമായി ബന്ധപ്പെട്ട അടിസ്ഥാന രേഖ അളവുപുസ്തകമാണ്.

സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ്, അളവു പുസ്തകം എന്നിവയുടെ അഭാവത്തിൽ ചെലവു തുക രേഖപ്പെടുത്താതെ

അളവുകൾ എടുത്ത് തയ്യാറാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് KPWD മാനുവലിലെ ഏത് വകുപ്പ് പ്രകാരമാണെന്ന് വിശദമാക്കേണ്ടതാണ്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ്

നടത്തിയിട്ടില്ലായെന്നും പരിശോധനയിൽ കണ്ടു.

9. സർക്കാർ സർക്കുലർ 18/2019 ധന തി. 1-3-19 നിർദേശം 8പ്രകാരം മരാമത്തു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി GST യ്ക്ക് പ്രത്യേകം തുക വകയിരുത്തേണ്ടതുണ്ട്. GST യ്ക്ക് പ്രത്യേകം തുക വകയിരുത്താതെയാണ് ഇപ്പോൾ ഈയിനത്തിൽ തുക ചെലവഴിച്ചിട്ടുള്ളത്.

(എ) ആർട്ട്കോവിന്റെ683 23-3-21 ലെ ഇൻവോയ്സ് 683 പ്രകാരം പ്രവൃത്തിക്കുവേണ്ടി ചെലവു ചെയ്ത തുക ₹ 4,20,203- ഉം GST യിനത്തിൽ ₹ 75636.54( 18% ) ആണ്. മരാമത്ത് പ്രവൃത്തികൾക്ക് 12% നിരക്കിലാണ് GST നൽകേണ്ടത്. ഈ സാഹചര്യത്തിൽ ₹25212-( ₹4,20,203-X 6%) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

(എ) ആർട്ട്കോവിന്റെ683 23-10-21 ലെ ഇൻവോയ്സ് 109 പ്രകാരം പ്രവൃത്തിക്കുവേണ്ടി ചെലവു ചെയ്ത തുക ₹ 8,32,095- ഉം GST യിനത്തിൽ ₹ 1,49,777.10 ( 18% ) ആണ്. ഈ സാഹചര്യത്തിൽ ₹49925.70-(₹8,32,095-X 6%) കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

10. അക്രഡിറ്റഡ് ഏജൻസികൾക്ക് അവരുടെ സേവനങ്ങൾക്ക് നിശ്ചിത നിരക്കിൽ സെന്റേജ് ചാർജ്ജിന് അർഹതയുണ്ട്. ഇക്കാര്യത്തിൽ സെന്റേജ് ചാർജ്ജ് ഈടാക്കാതെ ആർട്ട്കോ സേവനം നൽകാനിട വന്നത് വിശദീകരിക്കേണ്ടതാണ്.

11. Kcwwf വിഹിതം , 1961ലെ ആദായനികുതി നിയമം 194 സി വകുപ്പു പ്രകാരം ആദായനികുതി എന്നിവ ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു.

12. കേരള പൊതുമരാമത്തു വകുപ്പു മാനുവൽ വകുപ്പ് 2113 പ്രകാരമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 23.02.2023, തീയതിയിൽ നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **1-27 കന്നുകുട്ടി പരിപാലന പദ്ധതി**

പദ്ധതി നം. 03/2022

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ 150000

ചെലവ് 150000 ബിൽ നം. 5/4-12-2021

2021-22സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 24 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിരുന്നത്. പാഴായി ക്ഷീരസഹകരണ സംഘത്തിന്റെ ഗുണഭോക്താക്കളുടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾ അതത് മാസങ്ങൾക്ക് ശേഷം കാലിത്തീറ്റ വാങ്ങിയതായി കാണുന്നില്ല.

| ക്രമ നം | പേര് | മാസം |
|---|---|---|
| 1 | വിജയൻ.കെ.കെ | 6/2022 നു ശേഷം |
| 2 | സുധീഷ്, എൻ.ആർ. | 7/2022 നു ശേഷം |
| 3 | രാമൻകുട്ടി ,എൻ.കെ. | 11/2022 നു ശേഷം |
| 4 | പോൾ.കെ.ഐ. | 6/2022 നു ശേഷം |
| 5 | അജയഘോഷ്.പി,വി, | 1/2022 നു ശേഷം |

ഇത് സംബന്ധിച്ച് നല്കിയിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/21.2.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരാത്ത കാലയളവിലെ വിഹിതം പദ്ധതി തീരുന്ന മുറയ്ക്ക് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരികരിക്കേണ്ടതാണ്.

## <u>1-28 പ്രൊജക്റ്റ്.നം. 196/22 സെ.തെരെസിറ്റാസ് യു.പി സ്കൂളിന് ടോയ് ലറ്റ് ബ്ലോക്ക് നിർമാണം മാർക്കറ്റ് നിരക്കിൽ വാങ്ങിയ നാപ്കിൻ ഇൻസിനറേറ്ററിന് GST ഇനത്തിൽ ₹ 3480- അനുവദിച്ചു.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ ₹ 7,35,024- ( ധനകാര്യ കമ്മീഷൻ അവാർഡ്)

സാങ്കേതികാനുമതി LSGD/TS/21-22/101896 തി. 16-12-21

കരാർ നം./തിയ്യതി 51/AE LSGD NMK 21-22 തി. 7-1-22

കരാർ തുക ₹ 6,56,270.74+GST

കരാറുകാരൻ ശ്രീ. വിഷ്ണുലാൽ സി.എസ്

വൗ.നം. 22101050തി. 23-03-22 ₹ 309383-

വൗ.നം. 22101115തി. 31-03-22 ₹ 410102-

അളവുപുസ്തകം 4/21-22, 6/21-22

ഓഡിറ്റ് എൻക്വയറി നം. 20തി.24 -2-23

മേൽപ്രകാരം പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിൽ 42ാമത് ഇനമായി പ്രൊവിഷൻ ഫോർ ഇൻസിനേറ്റർ (Actual Bill Payment ) എന്നയിനം അളവുപുസ്തകം 6/21-22 പേജ് നം. 25 പ്രകാരം (Actual Bill Payment ) ₹ 29000- ചെലവു ചെയ്ത് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് Od 1720966/2021-2022 പ്രകാരം Napkin Incinerator ന് മാർക്കറ്റ് റേറ്റാണ് നല്കിയിരിക്കുന്നത്.

മാർക്കറ്റ് നിരക്കിൽ വാങ്ങിയ നാപ്കിൻ ഇൻസിനറേറ്ററിന് GST ഇനത്തിൽ ₹ 3480- (29000X12%)കരാറുകാരന് അധികം നല്കിയത് ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുണ്ട്. അധികം നല്കിയ തുകഈടാക്കിയത് യഥാസമയം അറിയിക്കേണ്ടതാണ്.

**1-29 കാലിബാരലുകളുടെ വിലയിന്മേൽ GSTഈടാക്കിയത് GSTവകുപ്പിലേക്ക് അടവാക്കിയിട്ടില്ല.**

**ഓഡിറ്റ് കാലയളവിൽ റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിവിധ കരാറുകാരിൽ നിന്നു GST 18% സഹിതം ₹ 280.84 (238+18%) നിരക്കിൽ ബിറ്റുമിൻ കാലിബാരലുകളുടെ വില ഈടാക്കി തനതുഫണ്ടിൽ അടവാക്കിയിട്ടുള്ളതായി കണ്ടു. GSTഇനത്തിൽ ഈടാക്കിയ ₹8225 - തുക GSTവകുപ്പിലേക്ക് അടവാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു .വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.**

| ക്രമ നമ്പർ | പ്രൊജ. നമ്പർ | കരാറുകാരുടെ പേരുവിവരങ്ങൾ | ഈടാക്കിയ തുക |
|---|---|---|---|
| 1 | 69/21-22 | അജയകുമാർ | ₹ 685- (16x238x18% ) |
| 2 | 159/21-22 | മാർട്ട് കൺസ്ട്രക്ഷൻസ് | ₹ 771- ( 18x238x18% ) |
| 3 | 67/21-22 | ഡോൺസൺ എൻ.എ | ₹ 1157- (27x238x18%) |
| 4 | 75/21-22 | MLCCS R 1264 | ₹ 900- (21x238x18%) |
| 5 | 157/21-22 | ഷാജു കെ.വി. | ₹ 943- (22x238x18% ) |
| 6 | 110/21-22 | അജയകുമാർ | ₹ 685- ( 16x238x18% ) |
| 7 | 56/21-22 | ഷാജു കെ.വി. | ₹ 685- ( 16x238x18% ) |
| 8 | 68/21-22 | ഷാജു കെ.വി. | ₹ 728- ( 17x238x18% ) |
| 9 | 160/21-22 | ഷാജു കെ.വി. | ₹ 643- ( 15x238x18% ) |
| 10 | 162/21-22 | വിഷ്ണുലാൽ | ₹ 1028- ( 24x238x18% ) |
| ആകെ | | | ₹8225 - (192x238x18%) |

ഇപ്പോൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കൈവശത്തിലുള്ള GSTയിനത്തിലുള്ള തുക GSTവകുപ്പിലേക്ക് അടവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് ഓഡിറ്റ് (എൻക്വയറി നം. 22 തി.24-2-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിന് നല്കേണ്ടതാണ്.

**1-30 റോഡു പ്രവൃത്തികൾക്ക് 5% നു പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.**

സ.ഉ. (എം.എസ്) 2480 / 10 എൽ.എസ്.ജി.ഡി തി. 29-7-10, സ.ഉ. (എം.എസ്) 74 / 14 എൽ.എസ്.ജി.ഡി തി. 7-5-14 എന്നിവ പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. മോർഡ് സ്പെസിഫിക്കേഷൻ-PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധികതുക ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം എൽ.എസ്.ജി.ഡി ചീഫ് എൻജിനീയറെ അറിയിച്ചിട്ടുണ്ടെന്ന് ഓഡിറ്റ്

എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 17-2-23) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ യഥാസമയം അറിയിക്കേണ്ടതാണ്.

## 1-31 പ്രൊജക്റ്റ് നമ്പർ 162/22 പുലക്കാട്ടുകര തലവണിക്കര റോഡ് റീടാറിങ്ങ്--ടെണ്ടർ കൂടാതെ ഏല്പിച്ച പ്രവൃത്തിക്ക് ടെണ്ടർ എക്സസ് നല്കി.

അടങ്കൽ :

₹2,59,266 - (വികസന ഫണ്ട് -പൊ.വി)

₹2,53,734 - ( തനതു ഫണ്ട് )

₹1,87,000 - ( മെയിന്റനൻസ് ഫണ്ട് -റോഡ്)

ആകെ ₹7,00,000 - ( തനതു ഫണ്ട് )

സാങ്കേതികാനുമതി TS 31410/21-22 തി. 21-09-21

കരാർ നം.-56 AE 2021-22/AE LSGD NMK 21-22തി. 11-2-22

കരാറുകാരൻ വിഷ്ണുലാൽ സി.എസ്

പി.എ.സി. തുക ₹6,87,000 + GST

വൗച്ചർ നമ്പർ - 46 തി.19-3-22 ₹ 1,87,000-

വൗച്ചർ നമ്പർ. 39 തി.16-3-22 ₹ 2,59,266-

വൗച്ചർ നമ്പർ. 22101068 തി.25-3-22 ₹ 2,53,734-

അളവുപുസ്തകം 26/21-22

പ്രൊജക്റ്റ്.നമ്പർ. 200/22 വിവിധ പദ്ധതികൾക്ക് ടെണ്ടർ എക്സസ് നല്കുന്നതിന്

അടങ്കൽ :

₹ 10,746 - ( വികസന ഫണ്ട് -പൊ.വി)

₹1,49,254 - ( ധനകാര്യ കമ്മിഷൻ അവാർഡ് )

ആകെ ₹1,60,000 - ( തനതു ഫണ്ട് )

(എ) വൗച്ചർ നമ്പർ. 56 തി.19-3-22 ₹ 10,746 -

(ബി) വൗച്ചർ നമ്പർ. XVFC/2021-22/P/13തി.3-3-22 ₹ 88,598-

(സി) വൗച്ചർ നമ്പർ. XVFC/2021-22/P/31തി.17-3-22 ₹ 60,656-

(ഓഡിറ്റ് എൻക്വയറി നം.19തി. 24-02-23 )

സ.ഉ (സാധ) 1778/21 ത.സ്വ.ഭ.വ തി. 16-9-21 പ്രകാരം DSR 2016 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് 10% വരെ ടെണ്ടർ അധിക നിരക്ക് നൽകുന്നതിന് അനുമതിനൽകുകയുണ്ടായി. ത.സ്വ.ഭ.വ ചീഫ് എഞ്ചിനിയറുടെ പരിപത്രം നം.ഡി.ബി. 1 7942/2010 CE ത.സ്വ.ഭ.വ തി. 16-10-21 മാർഗനിർദേശ പ്രകാരം ഇ ടെണ്ടർ/മാനുവൽ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്കാണ് ടെണ്ടർ എക്സസിന് അർഹതയുള്ളതെന്ന് സ്പഷ്ടീകരണം നല്കിയിട്ടുണ്ട്. 3-12-21 ലെ AE LSGD NMK 21-22 തി.3-12-21 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് നടപ്പിലാക്കിയ പ്രവൃത്തിക്ക് കരാറുകാരനായ ശ്രീ.വിഷ്ണുലാൽ സി.എസ് എന്നയാൾക്ക് താഴെ ചേർക്കുന്നതു പ്രകാരം ടെണ്ടർ എക്സസും ആയതിന്മേൽ GST 12% വും അനുവദിച്ച് ആകെ ₹69210- ചെലവു ചെയ്തിട്ടുണ്ട്.

| ഇനം<br>1 | ഇപ്പോൾ അനുവദിച്ചത്<br>2 | അനുവദനീയമായത്<br>3 | അധികം നല്കിയത്<br>( 2-3 ) |
|---|---|---|---|
| A.പ്രവൃത്തിമൂല്യം | 6,21,676.60 | 6,21,676.60 | ഇല്ല |
| B.ടെണ്ടർ എക്സസ്<br>9.94% Of A | 61,794.65 | ഇല്ല | 61,794.65 |
| GST- 12% Of A+B | 82,016.55 | 74601.19 | 7415.36 |
| ആകെ | 7,65,487.80 | 6,96,277.79 | 69210- |

അർഹതയില്ലാത്തടെണ്ടർ അധിക നിരക്ക് തുക ₹ 61794.65 ( ₹ 6,21,676.60 ന്റെ 9.94% )

GST 12% ( ₹ 61794.65 ന്റെ 12%) ₹ 7415.35

ആകെ ₹ 69210-

ആകെ ചെലവുചെയ്ത ₹ 7,65,488- യിൽ ₹7,00,000 പ്രൊജ.നം. 162/22 പ്രകാരവും ₹ 65,488- ( 4832 +60,656 ) വിവിധ പദ്ധതികൾക്ക് ടെണ്ടർ എക്സസ് നല്കുന്നതിന് തയ്യാറാക്കിയ പ്രൊജക്ട് നം. 200/22 ൽ നിന്നുമാണ് നല്കിയിട്ടുള്ളത്. (വൗച്ചർ നമ്പർ. 56 തി.19-3-22 ₹10,746- ൽ നിന്ന് ₹ 4832- വൗച്ചർ നമ്പർ. XVFC/2021-22/P/31തി.17-3-22 ₹ 60,656- മുഴുവൻ തുകയും)
ടെണ്ടർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ടെണ്ടർ എക്സസ് നല്കിയതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്. ത.സ്വ.ഭ.വ ചീഫ് എഞ്ചിനിയറുടെ പരിപത്രം നം.ഡി.ബി. 1 7942/2010 CE ത.സ്വ.ഭ.വ തി. 16-10-21 പ്രകാരം ടെണ്ടർ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനമാണ് ടെണ്ടർ എക്സസ് അംഗീകരിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടി അംഗീകരിക്കാനാവുന്നതല്ല.

സർക്കാർ അനുമതിയുടെ അഭാവത്തിൽ, അർഹതയില്ലാതെ ടെണ്ടർ അധിക നിരക്കിനത്തിൽ ₹ 69210- ചെലവു ചെയ്തത് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| GWD | വിവിധ അംഗന വാടികളിലേക്ക് കുഴൽ കിണർ നിർമ്മിക്കലും മോട്ടോർ സ്ഥാപിക്കലും | 22101122 Dated 31/03/2022 | 102790 | - | - | 102790<br>2022-23 ൽ തുടരുന്നു |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.(രജിസ്റ്റർ പ്രകാരം)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| | ലഭ്യമല്ല | 2273333 | 2273333 | 293333 | - | 1980000 |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|
| 2019-20 | 2500 | KEYNES KURIES | 121030100516 Dtd 28/06/21 |
| 2019-20 | 2500 | K T LOUIS, FAB TECH INTERNATIONAL | 121030100531, Dtd 29/06/2021 |
| 2019-20 | 2250 | POST MASTER, CHITTISSERY | 121030100535 Dtd 29/06/2021 |
| 1996-97 | 1610 | PHARMACIST PHC | 121030105215 Dtd 24/02/2022 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിട്ടുള്ളത്.

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

വിവരം ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70491837 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67256348 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 69210 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 69210 | ശ്രീമതി.സിന്ധു.എം, അസി.എഞ്ചിനീയർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിന്ധു.എം, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, നെന്മണിക്കര ഗ്രാമപഞ്ചായത്ത് | തറയിൽ ഹൌസ്, ചെമ്പൂത്തറ, പി ഒ പട്ടിക്കാട്, തൃശൂർ |

## <u>4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ</u>

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | LFT.9-718/02 Dt.16.10.02 | 9 | 3, 9, 10, 11, 17, 18, 21, 22, 23 | SCH |
| 2 | 1997-98 ചെലവ് | LFT.16-953/99 Dt.9.4.99/ 8.7.99 | 1 | 13 | SCH |
| 3 | 1998-99 (ചെലവ്) | LFT.16-588/00 Dt.5.7.00/ 3.11.00 | 1 | 42 | |
| 4 | 1999-00 | LFT.9-789/02 Dt.18.10.02 | 1 | 52 | |
| 5 | 2000-01 2001-02 | LFT.9-1565/03 Dt.31.01.03/ 12.04.04 | 2 | 6,7(1,2) | Case |
| 6 | 2002-03 | LFT.9-392/03 Dt.18.6.05/ 9.11.5 | 3 | 3(4), 3(6), 3(7) | SCH |

| | | | | | |
|---|---|---|---|---|---|
| 7 | 2003-04 | LFT.9-1704/08 Dt.21.08.09 | 3 | 3(1), 3-5, 3-6(1 മുതൽ 14 വരെ) | Sch |
| 8 | 2004-05 | LFT.9-1705/08 Dt.21.8.09/ 7.11.09 | 3 | 3(1), 3(3) SGRY, 3(7) | CAR |
| 9 | 2005-06 | LFT.9-1550/09 Dt.25.09.10 | 2 | 3(1), 3(2) എ(6) മുതൽ എ(9) വരെ 3(2) ബി(1) മുതൽ ബി(9) വരെ | |
| 10 | 2006-07 | LFT.9-1551/09 Dt.25.09.10 | 7 | 2(1), 2(2), 3(1)എ(1,2,3,4,5) 3-1എ(6), 3(1)ബി(1) മുതൽ ബി(17) വരെ 3(3), 3(4), 3(5), 3(7) | |
| 11 | 2007-08 | LFT.P2-883/12 Dt.10.9.12/ 5.12.12 | 2 | 3-4 3-6 | |
| 12 | 2008-09 | LFT.P2-884/12 Dt.10.9.12 | 1 | 3-4(1), (2), (3), (4), (6) | |
| 13 | 2010-11 | LFT.P2-886/12 Dt.10.9.12 | 7 | 3-3,3-5,3-6,3-7, 3-8,3-9,3-11 | |
| 14 | 2011-12 | LFT.P2-371/13 Dt.16.7.13 | 5 | 3-2, 3-6, 3-10, 3-11, 3-13(1,3,5,6) | |
| 15 | 2012-13 | LFT.(P6)-188/14 Dt.11.9.14/ 12.11.14 | 3 | 3-6,3-7,3-9 | |
| 16 | 2013-14 | LFT.(P6)-187/15 Dt.11.5.15 | 9 | 2-2,2-4,2-7,3-1, 3-2,3-4,3-6,3-8, 3-10 | 3-10 SCH |
| 17 | 2014-15 | KSATSR(P6)-941/16 Dt.13.6.16 | 10 | 3-1,3-4,3-5,3-6, 3-7,3-8,3-9,3-11, 3-12,4-2 | 3-4 SCH |
| 18 | 2015-16 | KSATSR(P6)-1908/16 | 2 | 3-2,3-3 | |

| | | | | | |
|---|---|---|---|---|---|
| | | Dt.4.11.16/ 30.12.16 | | | |
| 19 | 2016-17 | KSATSR(P6)-1521/17 Dt.27.11.17/ 1.12.17 | 10 | 2-1,2-2,2-5,3-1, 3-4(2), 3-6,3-7, 3-8,3-9,4-2 | |
| 20 | 2017-18 | KSATSR(P6)-446/19 Dt.126.19/ 15.6.19 | 19 | 1-10,1-12,2-2, 2-3,2-4,3-1,3-2, 3-3(എ),3-3(ബി), 3-4,3-5,3-6,3-8, 3-11, 3-12,4-2,4-7, 4-9, 4-10 | |
| 21 | 2018-19 | KSATSR(P9)-1728/2019 Dt.12.03.2020 | 9 | 1-12,1-13,1-15,1-17 1-20,1-22,1-24, 1-26,1-28 | |
| 22 | 2019-20 | KSATSR(P9)-843/21 Dt.02.07.2021 | 25 | 1-10 മുതൽ 1-27 വരെ, 1-29 മുതൽ 1-35 വരെ | |
| 23 | 2020-21 | KSATSR(P10)-1037/22 Dt.03.07.2022 | 41 | 1-10 മുതൽ 1-49 വരെ, 3-1 | |
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | | 175 | | |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ നെന്മണിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്